# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 335 — 16.12.2014 -ൽ മറുപടിക്ക്

### നിർമ്മിതി കേന്ദ്രം ഏകജാലകമാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. ജോസഫ് വാഴയ്ക്കൻ : | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സാധാരണ ജനങ്ങൾക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉതകുന്ന വിധം നിർമ്മിതി കേന്ദ്രത്തെ ഏകജാലക കേന്ദ്രമാക്കി രൂപപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; | (എ) നിലവിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്ക് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഫീസുകളിൽ നിന്നും സേവനങ്ങൾ നൽകി വരുന്നുണ്ട്. എന്നിരുന്നാലും എല്ലാ സേവനങ്ങളും ലഭിക്കുന്ന കേന്ദ്രങ്ങളായി എല്ലാ കേന്ദ്രങ്ങളും മാറിയിട്ടില്ല. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ എല്ലാ കേന്ദ്രങ്ങളിൽ നിന്നും എല്ലാ വിധ സേവനങ്ങളും ലഭിക്കുക വഴി ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ബുദ്ധി മുട്ടുകൾ ഒഴിവാക്കുക, പരിസ്ഥിതിയ്ക്കി ണങ്ങിയതും ചെലവ് കുറഞ്ഞതുമായ കെട്ടിട നിർമ്മാണ ശൈലി പ്രചരിപ്പിക്കുകയും അതിനാവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിക്കുകയും |

ചെയ്യുക, യുവതീ യുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ തൊഴിൽ പരിശീലനം നൽകുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. രൂപകല്പന മുതൽ, പൊതു വിപണിയിലേക്കാൾ കുറഞ്ഞ വിലയ്ക്ക് നിർമ്മാണ വസ്തുക്കളുടെ ലഭ്യത, നിർമ്മാണത്തിന്റെ മേൽനോട്ടം, നിർമ്മാണ തൊഴിലാളികളുടെ ലഭ്യത എന്നിവ എല്ലാ കേന്ദ്രങ്ങളിൽ നിന്നും ഉറപ്പാക്കുക വഴി എല്ലാ കേന്ദ്രങ്ങളേയും മാതൃകാ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി) ഇതിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കാമോ ;

(സി) പൊതുജനങ്ങൾക്ക് പ്രധാനമായും താഴെ പ്പറയുന്ന സൗകര്യങ്ങൾ നിർമ്മിതിയിൽ നിന്നും ലഭിച്ചു വരുന്നു.

1. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകളിൽ ജനങ്ങൾക്ക് അവബോധം ഉണ്ടാക്കുക.
2. ആവശ്യക്കാർക്ക് അത് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി കൊടുക്കുക.
3. കെട്ടിട നിർമ്മാണ ന്യായവില വിപണനകേന്ദ്രം (കലവറ) വഴി ബി.പി.എൽ ഗുണഭോക്താക്കൾക്ക് 15% സൗജന്യനിരക്കിൽ സിമന്റ്, കമ്പി എന്നിവ നൽകുക.

4. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധനശാലകൾ നടത്തുന്നു.

5. തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുക.

6. ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയിൽ ഗവേഷണം നടത്തുന്നതിന് പ്രശസ്ത വാസ്തു ശില്പി പത്മശ്രീ ലാറി ബേക്കർ അവർകളുടെ നാമധേയത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ലാറി ബേക്കർ ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് പ്രവർത്തിച്ചു വരുന്നു.

7. മൺമറഞ്ഞു കൊണ്ടിരിക്കുന്ന പരമ്പരാഗത കെട്ടിട നിർമ്മാണ ശൈലിയെ പുനരാവിഷ്കരിക്കുന്നതിനായി പി.ടി.പി നഗറിലെ സംസ്ഥാന നിർമ്മിതി കേന്ദ്രം കാമ്പസിൽ ഒരു ഹെറിറ്റേജ് സോൺ പൊതുജനങ്ങൾക്ക് നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി സ്ഥാപിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഡി) 1. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകുക.<br>2. സിമന്റ്, കമ്പി എന്നിവ സൗജന്യ നിരക്കിൽ നൽകുന്നതിനായി നിലവിൽ |

10 കേന്ദ്രങ്ങളിൽ കലവറയുടെ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 7 സ്ഥലങ്ങളിലും പ്രവർത്തനം ആരംഭിക്കുന്നതാണ്.

3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉത്പാദനശാലകൾ 10 കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

4. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 5 കേന്ദ്രങ്ങളിൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

5. 13 റീജിയണൽ കേന്ദ്രങ്ങൾ വഴിയും പി.ടി.പിയിലെ ഹെഡ് ആഫീസ് വഴിയും യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നു.

സെക്ഷൻ ഓഫീസർ